


യാസീൻ അശ്റഫ്

# കുത്തഴിഞ്ഞ പുസ്തകങ്ങൾ

## കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെപ്പറ്റി

*"വിദ്യാഭ്യാസം ഒരു ജനതയെ നയിക്കാൻ എളുപ്പവും എന്നാൽ ആട്ടിത്തെളിക്കാൻ പ്രയാസവുമാക്കും. അവരെ ഭരിക്കുക എളുപ്പവും അടിമപ്പെടുത്തുക അസാധ്യവുമാക്കും"* - ലോഡ് ബ്രൂവം

**കുറെ** വർഷങ്ങളായി കേരളത്തിലെ പൊതു വിദ്യാഭ്യാസം നിലവാരത്തകർച്ചയിലാണ്. പതിറ്റാണ്ടുകളോളം വിദ്യാഭ്യാസവകുപ്പ് കൈകാര്യം ചെയ്തത് ഭരണമുന്നണിയിലെ മുഖ്യകക്ഷി അല്ലാതിരുന്നതാണ് ഇതിന് കാരണമെന്ന് വാദിക്കപ്പെട്ടു. മുഖ്യ ഭരണകക്ഷി തന്നെ വകുപ്പ് ഏറ്റെടുക്കണമെന്ന ആവശ്യം യു.ഡി.എഫിലും എൽ.ഡി.എഫിലും ശക്തിപ്പെട്ടുവന്നു.

ഈ ആവശ്യം നിറവേറ്റാൻ മാത്രമായിട്ടല്ലെങ്കിലും അച്യുതാനന്ദൻ മന്ത്രിസഭയിൽ ഏറെക്കാലത്തിനു ശേഷം ഭരണമുന്നണിയിലെ മുഖ്യകക്ഷി തന്നെ വിദ്യാഭ്യാസവകുപ്പ് ഏറ്റെടുത്തു. സി.പി.എമ്മിലെ പ്രഗത്ഭനായ എം.എ ബേബി വിദ്യാഭ്യാസ മന്ത്രിയായി. അദ്ദേഹത്തിന്റെ ഏറ്റവും വലിയ നേട്ടം ഒരുപക്ഷേ ആ പഴയ മിഥ്യാസങ്കൽപം തകർത്തതാണ്. മുഖ്യ ഭരണകക്ഷി വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്താൽ നിലവാരത്തകർച്ച തടയാമെന്നത് വെറും മിഥ്യയാണെന്ന് മന്ത്രി ബേബി തെളിയിച്ചിരിക്കുന്നു. കേരളത്തിന്റെ വിദ്യാഭ്യാസം അധഃപതനത്തിന്റെ പുതിയ റെക്കോർഡുകൾ സ്ഥാപിച്ചത് ഇക്കഴിഞ്ഞ വർഷങ്ങളിലാണ്.

ഇതിന് എം.എ ബേബിയെ മാത്രം കുറ്റപ്പെടുത്തുന്നതിലും അർഥമില്ല. ഉന്നത വിദ്യാഭ്യാസരംഗത്ത് പ്രത്യേകിച്ചും നിലവാരമുണ്ടാക്കൽ യൂനിവേഴ്സിറ്റികളുടെ ചുമതലയാണ്. യൂനിവേഴ്സിറ്റികളാകട്ടെ സ്വയംഭരണ സ്ഥാപനങ്ങളാണ് എന്നത്രെ വെപ്പ്. പക്ഷേ അവ നന്നായി നടത്താൻ ആവശ്യമായ സാഹചര്യമൊരുക്കാൻ മന്ത്രിക്ക് കഴിയേണ്ടതായിരുന്നു. ഒരുപക്ഷേ അദ്ദേഹം തന്നെയും സാഹചര്യങ്ങളുടെ ഒഴുക്കിലകപ്പെട്ട് സ്വയം നഷ്ടപ്പെട്ടുപോയതാവാം.

**മാറുന്ന കാലത്തോട് പ്രതികരിക്കാനും ക്രിയാത്മകമായി സംവദിക്കാനും വിദ്യാർഥികളെ പ്രാപ്തരാക്കാൻ വിദ്യാഭ്യാസത്തിന് ശരിയായ കാഴ്ചപ്പാടുണ്ടായിരിക്കണം. മാറ്റങ്ങളോടൊപ്പം നിൽക്കുക മാത്രമല്ല, അവയുടെ മുന്നിൽ നടന്നുകൊണ്ട് സമൂഹത്തിന് ദിശ നിർണയിച്ചുകൊടുക്കാനും അങ്ങനെയേ കഴിയൂ.**

അങ്ങനെ പറയാൻ കാരണമുണ്ട്. സർവകലാശാലകളിലെ കക്ഷിരാഷ്ട്രീയ മേധാവിത്വം കുറക്കണമെന്ന് ബേബി ആഗ്രഹിക്കുന്നതായി ഒരു ഘട്ടത്തിൽ തോന്നിയിരുന്നു. കാലിക്കറ്റ്



യൂനിവേഴ്സിറ്റിക്ക് പുതിയ വൈസ് ചാൻസലറെ കണ്ടെത്തേണ്ടിവന്നപ്പോൾ പാർട്ടി യൂനിയൻ മുന്നോട്ടുവെച്ച പേരുകൾ അദ്ദേഹം സ്വീകരിച്ചില്ല. ഈ ചെറുത്തുനിൽപ് അനൽപമായ ആദരവോടെ അക്കാദമിക രംഗം നോക്കിക്കാണുകയും ചെയ്തു. എന്നാൽ ഈ ഊർജമത്രയും തൊലിപ്പുറമെ കളഞ്ഞ അദ്ദേഹം അടിസ്ഥാന കാര്യങ്ങളിൽ പൂർവാധികം പാർട്ടി-യൂനിയൻ താൽപര്യങ്ങളോട് രാജിയാവുന്നതാണ് പിന്നീട് കണ്ടത്. സിന്റിക്കേറ്റുകളെയോ യൂനിയനുകളെയോ പാർട്ടി നേതാക്കളെയോ അക്കാദമിക സ്വാതന്ത്ര്യമെന്ന ഉന്നത മൂല്യത്തെപ്പറ്റി ബോധ്യപ്പെടുത്താൻ മന്ത്രി ബേബി ശ്രമിക്കാഞ്ഞതോ ശ്രമിച്ചിട്ടും നടക്കാഞ്ഞതോ? എന്തായാലും കക്ഷി രാഷ്ട്രീയത്തിന്റെ അതിപ്രസരം യൂനിവേഴ്സിറ്റികളെ കാർന്നു നശിപ്പിക്കുന്നതാണ് തുടർന്നു കാണുന്നത്.

രാഷ്ട്രീയവത്കരണമല്ല യൂനിവേഴ്സിറ്റികളുടെ അധഃപതനത്തിന്റെ ഏറ്റവും പ്രധാന കാരണം. ഒരുപക്ഷേ മൂന്നു കാരണങ്ങളിൽ അവസാനത്തേതാവും അത്. ശരിയായ കാഴ്ചപ്പാടില്ലായ്മ, മുൻഗണനാക്രമത്തിൽ വന്ന അട്ടിമറി എന്നിവയാണ് മറ്റു രണ്ട് മുഖ്യ കാരണങ്ങൾ.

മാറുന്ന കാലത്തോട് പ്രതികരിക്കാനും ക്രിയാത്മകമായി സംവദിക്കാനും വിദ്യാർഥികളെ പ്രാപ്തരാക്കാൻ വിദ്യാഭ്യാസത്തിന് ശരിയായ കാഴ്ചപ്പാടുണ്ടായിരിക്കണം. മാറ്റങ്ങളോടൊപ്പം നിൽക്കുക മാത്രമല്ല, അവയുടെ മുന്നിൽ നടന്നുകൊണ്ട് സമൂഹത്തിന് ദിശ നിർണയിച്ചുകൊടുക്കാനും അങ്ങനെയേ കഴിയൂ. നമ്മുടെ വിദ്യാർഥികൾ നമ്മുടെ സർവകലാശാലകളിൽ മുരടിച്ചുപോവുകയാണ് ചെയ്യുന്നത്. വിദേശ സർവകലാശാലകളിലോ മറ്റു സംസ്ഥാനങ്ങളിലെ സർവകലാശാലകളിൽ പോലുമോ എത്തുന്നതോടെ അവരിലെ പ്രതിഭ തെളിയുകയായി. സാമ്പത്തിക നയങ്ങൾ വ്യാഖ്യാനിച്ച് നിലപാടെടുക്കാനോ ബജറ്റുകൾ തയാറാക്കാനോ അവലോകനം ചെയ്യാനോ നമ്മുടെ കാമ്പസുകളിലെ അക്കാദമിക വ്യക്തിത്വങ്ങൾക്കാവുന്നില്ല. ഖരമാലിന്യ പ്രശ്നമായാലും ബദൽ ഊർജ സ്രോതസ്സായാലും സമൂഹത്തെയും മനുഷ്യരെയും ബാധിക്കുന്ന മറ്റു വിഷയങ്ങളായാലും അർഥവത്തായ പരിഹാരങ്ങളും പരിപാടികളും കാമ്പസുകളുടെ ഗവേഷണങ്ങളിൽ കാണുക വിരളം. പത്തു വർഷം കഴിഞ്ഞാൽ നമ്മുടെ ഉന്നത വിദ്യാഭ്യാസരംഗം എങ്ങനെയിരിക്കണമെന്നാണ് കരുതുന്നതെന്ന് ചോദിച്ചാൽ വിദ്യാഭ്യാസ നേതൃത്വം കൈമലർത്തുകയേ ഉള്ളൂ. കൊച്ചി സർവകലാശാലക്ക് ഐ.ഐ.ടി പദവി കിട്ടാനുള്ള അവസരം കളഞ്ഞുകുളിച്ചതും ഒടുവിൽ ഐ.ഐ.ഇ.എസ്.ടിയെങ്കിലുമാവാൻ അതിനു കഴിയാതെ പോയതും അലീഗഢ് സർവകലാശാലയുടെ ഓഫ് കാമ്പസ് കേന്ദ്രം സ്ഥാപിക്കാൻ ഇങ്ങോട്ടു വെച്ചുനീട്ടിയ ഓഫർ പോലും കുരങ്ങന്റെ കൈയിലെ പൂമാല പോലെ വെച്ചു കളിക്കുന്നതും രാഷ്ട്രീയ വിവരക്കേടിനേക്കാൾ അക്കാദമിക ബോധമില്ലായ്മ മൂലമാണ്. അക്കാദമിക നിലവാരവും ഗവേഷണ മികവുമുള്ളവരെ പുകച്ചു പുറത്താക്കലാണ് വിദ്യാ

**മറ്റേത് സംസ്ഥാനത്തും പരീക്ഷകൾക്കു വേണ്ടി പൊതുപരിപാടികൾ മാറിക്കൊടുക്കാറുണ്ട്. കേരളത്തിലാകട്ടെ പ്രാദേശിക ഹർത്താലുകൾ പോലും പരീക്ഷകളെ ഗൗനിക്കാറില്ല. ഏതിനും എന്തിനും പരീക്ഷകൾ മാറ്റിവെച്ചു കൊള്ളുമെന്ന് എല്ലാവരും തീരുമാനിച്ചു കഴിഞ്ഞിരിക്കുന്നു.**

ഭ്യാസ ഭരണമെന്ന് അധികൃതർക്ക് തോന്നുന്നിടത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ അവസാനത്തിന്റെ ആരംഭമായിക്കഴിഞ്ഞു. അനുഭവസമ്പന്നരായ ശാസ്ത്രജ്ഞരുടെ കഴിവ് പരിശോധിക്കാൻ വെറും ബിരുദധാരികളായ സിന്റിക്കേറ്റംഗങ്ങൾ നിയോഗിക്കപ്പെടുന്ന അത്ഭുത നാടാണല്ലോ കേരളം.

വിദ്യാഭ്യാസത്തിന് പൊതുഖജനാവിൽനിന്ന് ചെലവ് ചെയ്യുകയും അതുവഴി പരമാവധി പേർക്ക് നല്ല വിദ്യാഭ്യാസം ലഭ്യമാക്കുകയും ചെയ്യുന്ന രീതി മറ്റു സംസ്ഥാനങ്ങളേക്കാൾ വേഗം നാം കൈയൊഴിഞ്ഞുകൊണ്ടിരിക്കുന്നു. വിദേശ സർവകലാശാലകൾ മുതൽ നമ്മുടെ യു.ജി.സി വരെ ഇപ്പോൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന മുതലാളിത്ത ബദലുണ്ട്; സ്വാശ്രയ സ്ഥാപനങ്ങളും കോഴ്സുകളും വഴി നിലവാരമുള്ള വിദ്യാഭ്യാസം അതിന് തയാറുള്ളവർക്ക് നൽകുക. ഈ രീതിയനുസരിച്ച് ഗുണഭോക്താക്കൾ സമ്പന്നരിലൊതുങ്ങും; പക്ഷേ വിദ്യാഭ്യാസം നിലവാരമുള്ളതായിരിക്കും. കേരള മോഡൽ ഇത് രണ്ടിന്റെയും ഗുണങ്ങൾ നഷ്ടപ്പെടുത്തി ദോഷങ്ങൾ കൈക്കൊള്ളുന്നു. സ്വാശ്രയ സ്ഥാപനങ്ങളും കോഴ്സുകളും ഇവിടെ കടുംകൃഷിയായി നടത്തുമ്പോഴും വിദ്യാഭ്യാസരംഗത്തെ സാമൂഹികനീതി കുറഞ്ഞുവരുന്നു. ഹയർ സെക്കന്ററി രംഗത്തും ബിരുദതലത്തിലും തെക്കൻ കേരളവും മലബാറും തമ്മിലുള്ള വിവേചനവും പ്രഫഷണൽ രംഗത്തടക്കം സാമുദായിക കുത്തകകളുടെ ആധിപത്യവും മതി ഇതിന് തെളിവായിട്ട്. വിദ്യാർഥിപ്പെരുപ്പവും അധ്യാപകരുടെ കുറവും അധികൃതരുടെ കെടുകാര്യസ്ഥതയും മൂലം വിദ്യാർഥികളുടെ ഭാവികൊണ്ട് മറ്റു സർവകലാശാലകൾ പന്താടുമ്പോൾ, കാലടി സംസ്കൃത സർവകലാശാലക്ക് സംസ്ഥാനത്ത് അങ്ങിങ്ങായി വെറും രണ്ടായിരം വിദ്യാർഥികൾക്കു വേണ്ടി നാനൂറ് അധ്യാപകർ സേവനമനുഷ്ഠിക്കുന്നു.

സർവകലാശാലകൾ കോഴ്സുകളനുവദിക്കുന്നത് അക്കാദമിക കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലല്ല ഇന്ന്. അവക്ക് പണമുണ്ടാക്കാനുള്ള മാർഗം മാത്രമാണത്. മാർക്ക് ലിസ്റ്റും വിവിധ സർട്ടിഫിക്കറ്റുകളും 'വിൽപന'ക്കുവെക്കുന്ന വിദ്യാഭ്യാസ മൊത്തക്കച്ചവടക്കാരാണ് സർവകലാശാലകൾ. കാലിക്കറ്റ് യൂനി

വേഴ്സിറ്റിയിൽ എത്ര പെട്ടെന്നാണ് 190 സ്വാശ്രയ കോളേജുകൾ പൊങ്ങിയത്! കൊടുക്കുന്ന മാർക്കിനും സാക്ഷ്യപത്രത്തിനും വിശ്വാസ്യത വേണമെന്ന നിർബന്ധം അവക്കില്ല. ഉന്നത വിദ്യാഭ്യാസ കോഴ്സുകൾ തീരുമാനിക്കുന്നതിനാവശ്യമായ പഠനങ്ങളോ ആസൂത്രണമോ മുന്നൊരുക്കങ്ങളോ ഇല്ല. അധ്യയന വർഷത്തിന്റെ മധ്യത്തിൽ പുതിയ കോഴ്സ് തുടങ്ങുന്നത് അസാധാരണമല്ലെന്ന് വന്നിരിക്കുന്നു. ഗവേഷണരംഗത്ത് അങ്ങേയറ്റം പ്രതിലോമപരമാണ് യൂനിവേഴ്സിറ്റികളുടെ നിലപാട്. കാലിക്കറ്റ് യൂനിവേഴ്സിറ്റിയിൽ ഗവേഷണ പദ്ധതികൾക്ക് ഫാസ്റ്റ് ട്രാക്ക് സമ്പ്രദായം ഏർപ്പെടുത്തി ഡോ. ഇഖ്ബാൽ ഹസ്നൈൻ മാറ്റത്തിന് ശ്രമിച്ചിരുന്നു. അദ്ദേഹം പോയതോടെ കാര്യങ്ങൾ പഴയപടിയായി. അല്ല, പദ്ധതികൾ മുടക്കുന്നതെങ്ങനെ എന്ന ഗവേഷണത്തിലാണ് അധികാരസ്ഥർ.


ഓരോ യൂനിവേഴ്സിറ്റിക്കും സ്വന്തം തനിമ രൂപപ്പെടുത്താൻ മാറിവന്ന സർക്കാറുകൾ സമ്മതിച്ചിട്ടില്ല. രാഷ്ട്രീയ ചായ്‌വുള്ളവർ സെനറ്റിലും സിന്റിക്കേറ്റിലും പ്രവർത്തിക്കുന്നത് അക്കാദമിക ലക്ഷ്യങ്ങളോടെയല്ല, കക്ഷിതാൽപര്യങ്ങളനുസരിച്ചാണ്. യു.ഡി.എഫ് സിന്റിക്കേറ്റ്, എൽ.ഡി.എഫ് സിന്റിക്കേറ്റ് തുടങ്ങിയ (വസ്തുതാപരമായ) വിശേഷണങ്ങളിലെ അപഹാസ്യത ആരെയും അസ്വസ്ഥപ്പെടുത്തുന്നു പോലുമില്ലല്ലോ. കാലിക്കറ്റ് സർവകലാശാല നിലവിൽവന്നപ്പോൾ കേരളയിൽനിന്ന് അങ്ങോട്ടുമാറാൻ ജീവനക്കാർക്ക് ഓപ്ഷൻ കൊടുത്തത്

**കൊച്ചി സർവകലാശാലക്ക് ഐ.ഐ.ടി പദവി കിട്ടാനുള്ള അവസരം കളഞ്ഞു കുളിച്ചതും ഒടുവിൽ ഐ.ഐ.ഇ.എസ്.ടിയെങ്കിലുമാവാൻ അതിനു കഴിയാതെ പോയതും അലീഗഢ് സർവകലാശാലയുടെ ഓഫ് കാമ്പസ് കേന്ദ്രം സ്ഥാപിക്കാൻ ഇങ്ങോട്ടു വെച്ചുനീട്ടിയ ഓഫർ പോലും കുരങ്ങന്റെ കൈയിലെ പൂമാല പോലെ വെച്ചു കളിക്കുന്നതും രാഷ്ട്രീയ വിവരക്കേടിനേക്കാൾ അക്കാദമിക ബോധമില്ലായ്മ മൂലമാണ്.**

താൽക്കാലിക തൊഴിൽ പ്രശ്നങ്ങൾ ഇല്ലാതാക്കാൻ ഉതകിയെങ്കിലും പുതിയ സർവകലാശാലയെ ദീർഘകാലാടിസ്ഥാനത്തിൽ നശിപ്പിക്കാനേ അത് ഉപകരിച്ചുള്ളൂ. സർവകലാശാലകൾ വിദ്യാർഥികൾക്കുള്ളതാണെന്നും അധ്യാപകരാണ് അവിടങ്ങളിലെ മറ്റൊരു മുഖ്യഘടകമെന്നും, എന്നാൽ ഇത് ജീവനക്കാരുടെ സ്വന്തം സർവകലാശാലയാണെന്നും കാലിക്കറ്റിലെ രണ്ടാമത്തെ വിസി ഡോ. നൂർ മുഹമ്മദ് നിരീക്ഷിച്ചതായി കേട്ടിട്ടുണ്ട്. കണ്ണൂർ സർവകലാശാല തുടങ്ങിയ സമയത്ത് കാലിക്കറ്റിൽനിന്ന് അങ്ങോട്ടുപോകാൻ ഓപ്ഷൻ നൽകരുതെന്ന് ശിപാർശ ചെയ്യപ്പെട്ടുവെങ്കിലും നടന്നത് അതാണ്. 200 ഏക്കർ ഭൂമി നൽകണമെന്ന് പ്രഫ. കെ.എ ജലീൽ ചെയർമാനായുള്ള ടാസ്ക് ഫോഴ്സ് നിർദേശിച്ചിരുന്നു; നൽകിയത് 18 ഏക്കർ മാത്രം. കാഴ്ചപ്പാടുള്ളവർക്ക് അധികാരമില്ല, അധികാരമുള്ളവർക്ക് കാഴ്ചപ്പാടില്ല; ഇതാണ് കേരള ഉന്നത വിദ്യാഭ്യാസ മേഖലയുടെ അവസ്ഥ.

സ്ഥാനംതെറ്റിയുള്ള മുൻഗണനകൾ മറ്റൊരു ശാപമാണ്. ഭാവിയിലേക്കുള്ള നിക്ഷേപമെന്ന നിലക്ക് വിദ്യാഭ്യാസത്തിന് മുന്തിയ പരിഗണനയാണ് പരിഷ്കൃത രാഷ്ട്രങ്ങൾ നൽകുന്നത്; വിദ്യാഭ്യാസരംഗത്ത് ഏറ്റവും മുന്തിയ പരിഗണന വിദ്യാർഥികൾക്കും. എന്നാൽ നമ്മുടെ സർക്കാറിന്റെ മുൻഗണനാക്രമത്തിൽ ഏകദേശം ഒടുവിലാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസമണ്ഡലത്തിന്റെ മുൻഗണനാക്രമത്തിൽ ഏറ്റവും ഒടുവിലാണ് വിദ്യാർഥിക്ക് സ്ഥാനം. സർവകലാശാലകൾ പരീക്ഷാ നടത്തിപ്പു കേന്ദ്രങ്ങൾ മാത്രമായി ഒതുങ്ങിയെന്ന് ആക്ഷേപിക്കാറുണ്ട്. ഏറക്കുറെ ശരിയുമാണിത്. പക്ഷേ, പരീക്ഷകൾ പോലും കൃത്യമായും വിശ്വാസ്യതയോടെയും നടക്കുന്നില്ലെന്ന അനുബന്ധം കൂടി ഇതിനുണ്ട്. മറ്റേത് സംസ്ഥാനത്തും പരീക്ഷകൾക്കു വേണ്ടി പൊതുപരിപാടികൾ മാറിക്കൊടുക്കാറുണ്ട്. കേരളത്തിലാകട്ടെ പ്രാദേശിക ഹർത്താലുകൾ പോലും പരീക്ഷകളെ ഗൗനിക്കാറില്ല. ഏതിനും എന്തിനും പരീക്ഷകൾ മാറ്റിവെച്ചുകൊള്ളുമെന്ന് എല്ലാവരും തീരുമാനിച്ചു കഴിഞ്ഞിരിക്കുന്നു.

വിദ്യാർഥികളുടെ പ്രശ്നങ്ങളും പ്രയാസങ്ങളും പരിഹരിക്കാൻ സമയബന്ധിതമായ നടപടികളില്ല. രാഷ്ട്രീയതത്ത്വങ്ങളും അടിപിടികളുമല്ല ഉദ്ദേശിക്കുന്നത്. കലാശാലകളിലെ അധ്യയനം, ലൈബ്രറി പ്രവർത്തനം, പാഠ്യേതര പ്രവർത്തനം തുടങ്ങിയവ ഏറെയും വ്യവസ്ഥയില്ലാതെ കുഴഞ്ഞുകിടക്കുന്നു. പ്രാഥമികാവശ്യമായ അധ്യാപകർ പോലും വേണ്ടത്രയില്ല. ഗസ്റ്റ് ലെക്ചറർമാരെ കഴിവതും ഒഴിവാക്കി സ്ഥിരം അധ്യാപകരെ നിയമിക്കണമെന്നും അങ്ങനെ ചെയ്യാത്ത യൂനിവേഴ്സിറ്റികളുടെയും കോളേജുകളുടെയും ഗ്രാന്റുകൾ തടയുന്ന കാര്യം




ആലോചിക്കേണ്ടിവരുമെന്നും യു.ജി.സി താക്കീതു ചെയ്തിട്ട് രണ്ടു കൊല്ലമായി. കേരളത്തിൽ ഇപ്പോഴും ആയിരത്തിലധികം അധ്യാപക തസ്തികകളാണ് എയ്ഡഡ് കോളേജുകളിൽ മാത്രം ഒഴിഞ്ഞുകിടക്കുന്നത്. അതേസമയം സിന്റിക്കേറ്റംഗങ്ങൾക്കോ അവരുടെ യോഗങ്ങൾക്കോ അവയുടെ ചെലവുകൾക്കോ ഒരു നിയന്ത്രണവുമില്ല. രണ്ടു ഡസൻ സിന്റിക്കേറ്റംഗങ്ങളുള്ള കേരള യൂനിവേഴ്സിറ്റിയിൽ ഒരു ഡസൻ സബ് കമ്മിറ്റികൾ അവർക്കായി ഉണ്ടത്രെ! എല്ലാം യോഗം ചേരുന്നു, ബത്തകൾ വാങ്ങുന്നു; വിദ്യാർഥികളുടെ പ്രശ്നങ്ങൾ മാത്രം അവഗണിക്കപ്പെടുന്നു.

വൈകിയോടുന്ന പരീക്ഷകൾ, വർഷങ്ങൾ കഴിഞ്ഞാൽ മാത്രം കിട്ടിയേക്കാവുന്ന ബിരുദ സർട്ടിഫിക്കറ്റുകൾ, ക്ലാസ് മുടക്കിക്കൊണ്ട് സമർപ്പിക്കേണ്ട അപേക്ഷകൾ, അത്യാവശ്യ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ നെട്ടോട്ടമോടേണ്ടിവരുന്ന അവസ്ഥ, ഒരിക്കലും ശരിയാകാത്ത റീവാലേഷൻ.... വിദ്യാർഥികളെ അക്ഷരാർഥത്തിൽ കുഴക്കുന്ന പ്രശ്നങ്ങൾ നിരവധിയാണെന്നു മാത്രമല്ല, അവ അധികൃതർക്ക് പ്രശ്നമായി തോന്നുന്നുമില്ല.

രാഷ്ട്രീയ താൽപര്യങ്ങളുടെ കൂടാരങ്ങളാണ് കാമ്പസുകൾ. വ്യവസ്ഥാപിത രീതികൾ അട്ടിമറിച്ച് അധ്യാപക-അന

ധ്യാപക നിയമനങ്ങളിൽ പാർട്ടി ഇടപെടലുകൾ എല്ലാ സീമകളും ലംഘിച്ചിരിക്കുന്നു. കേരള യൂനിവേഴ്സിറ്റിയിൽ ബയോ ടെക്നോളജി വകുപ്പ് മേധാവി ഡോ. തങ്കമണിയെ പിരിച്ചുവിട്ടതും കാലിക്കറ്റിൽ 32 അധ്യാപകരെ പിരിച്ചുവിടുന്നതും അക്കാദമിക കാരണങ്ങളാലല്ല; തികച്ചും രാഷ്ട്രീയ കാരണങ്ങളാലാണ്. കാലിക്കറ്റിലെ രജിസ്ട്രാർ ഡോ. പി.പി മുഹമ്മദിനോട് നിർബന്ധിത വിരമിക്കലിന് കൽപിച്ചതിനും കാരണം മറ്റൊന്നല്ല. കണ്ണൂർ രജിസ്ട്രാർ ഡോ. കെ.എം അബ്ദുർറഷീദിനെ ഒഴിവാക്കാൻ ആവുന്നത്ര ശ്രമിച്ചിട്ടും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അത് വിജയിക്കാതെ പോയി; ഇന്നും അദ്ദേഹത്തിന് ശമ്പളംനൽകുന്നില്ല. രണ്ടു മാസത്തിലൊരിക്കൽ യോഗം ചേരുന്ന സിന്റിക്കേറ്റ് രജിസ്ട്രാറെ ഒതുക്കുന്ന കാര്യമാലോചിക്കാൻ മാത്രം പത്തു മാസത്തിനുള്ളിൽ 16 തവണ കൂടി. സ്വജനപക്ഷപാതവും അഴിമതിയും പെരുകാനേ ഇത്തരം രാഷ്ട്രീയ ഇടപെടലുകൾ സഹായിച്ചിട്ടുള്ളൂ. കേരള യൂനിവേഴ്സിറ്റിയിൽ രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് നിയമനപ്പട്ടിക ലോകായുക്ത റദ്ദാക്കിയത് അതിലെ അന്യായങ്ങൾ ബോധ്യപ്പെട്ടതുകൊണ്ടാണ്. പട്ടികയിലെ 182ൽ ഭൂരിപക്ഷവും ഭരണകക്ഷി നേതാക്കളുടെ ബന്ധുക്കളാണ് എന്നും കണ്ടെത്തി. കാലിക്കറ്റ് യൂനിവേഴ്സിറ്റിയിലും അസിസ്റ്റന്റ് നിയമനം കേസിൽ കുടുങ്ങിയത് നിർലജ്ജമായ രാഷ്ട്രീയമായ മുതലെടുപ്പിനുള്ള ശ്രമം മൂലമായിരുന്നു. ഭരണകക്ഷി യൂനിയനിൽ ചേരുന്നവർക്കേ നിയമനം കിട്ടൂ എന്ന ഫാഷിസ്റ്റ് രീതിയാണ് പിന്തുടരുന്നത്. ചട്ടങ്ങളോ വ്യവസ്ഥകളോ വഴക്കങ്ങളോ ഒന്നും പ്രശ്നമല്ല. ഏതാണ്ടെല്ലാ രാഷ്ട്രീയ കക്ഷികളും ഈ ദുരവസ്ഥക്ക് ഉത്തരവാദികളാണെങ്കിലും ഒന്നാം പ്രതി സി.പി.എം തന്നെയാണ്.

രാഷ്ട്രീയ ഭാഗ്യാന്വേഷികളുടെ മേച്ചിൽപുറമായി ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ മാറിയത് കേരളത്തിന്റെ ഭാവി മുരടിപ്പിക്കും. രാഷ്ട്രീയത്തിന്റെ പേരിൽ ഇവിടെ നിലനിൽക്കുന്നത് -വിദ്യാർഥികളിലായാലും ജീവനക്കാരിലായാലും അധ്യാപകരിലായാലും- കക്ഷിരാഷ്ട്രീയ താൽപര്യങ്ങളോടുള്ള വിധേയത്വമാണ്. തുടക്കത്തിലെ ഉദ്ധരണി ഒന്നുകൂടി ശ്രദ്ധിക്കാം. കേരളത്തിലെ വിദ്യാഭ്യാസം ജനതയെ 'നയിക്കാൻ എളുപ്പവും ആട്ടിത്തെളിക്കാൻ പ്രയാസവു'മാക്കുന്നുണ്ടോ? ഇല്ല. മറിച്ച്, നയിക്കാൻ പ്രയാസവും ആട്ടിത്തെളിക്കാൻ എളുപ്പവുമാക്കുന്നുണ്ട്. 'ഭരിക്കുക എളുപ്പവും അടിമപ്പെടുത്തുക അസാധ്യവു'മാക്കുന്നില്ല. മറിച്ച്, ഭരിക്കുക ആയാസകരവും അടിമപ്പെടുത്തുക എളുപ്പവുമാക്കുന്നുണ്ട്.തുറന്ന ചിന്തക്ക് ഇടംനൽകാത്തവിധം സങ്കുചിത താൽപര്യങ്ങളാൽ കലുഷമായിരിക്കുന്നു വിദ്യാഭ്യാസരംഗം.

പരിഹാരമെന്ത് എന്ന വലിയ ചോദ്യമുണ്ട്. രോഗമുണ്ടെന്ന് അംഗീകരിച്ചു കിട്ടുക എളുപ്പമല്ല; പ്രത്യേകിച്ച് രോഗം ബാധിച്ചത് മനസ്സിനാണെങ്കിൽ! തുറന്ന ചർച്ചകളിലൂടെയും മുൻവിധികളില്ലാത്ത സംവാദങ്ങളിലൂടെയും ഈ അവസ്ഥക്ക് മാറ്റമുണ്ടാക്കാനാവും. എന്നാൽ അതിനും പൊതുസമൂഹത്തിന്റെ സമ്മർദവും രാഷ്ട്രീയ നേതൃത്വങ്ങളുടെ ഇഛാശക്തിയും ആവശ്യമാണ്. കുടുസ്സായ പാർട്ടി താൽപര്യങ്ങൾക്കപ്പുറം ചിന്തയെ കൊണ്ടുപോകാൻ രാഷ്ട്രീയക്കാർക്ക് ആർജവമുണ്ടായാൽ, സ്വതന്ത്രമായ നിലപാടെടുക്കാൻ അക്കാദമിക രംഗത്തുള്ളവർ ചങ്കൂറ്റം കാണിച്ചാൽ, ഒരു നല്ല മാറ്റത്തിന്റെ വെള്ളിരേഖകൾ തെളിഞ്ഞു വന്നേക്കും. ■